<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1949</u> <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റലിന് ഫർണിച്ചർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റലിൽ ഫർണിച്ചർ ഇല്ലാത്തതിനാൽ ഹോസ്റ്റൽ പ്രവർത്തനം സുഗമമായി നടത്താൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ഫർണിച്ചർ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതികളിൽ ഫർണിച്ചറുകൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്നാണ് നിർദേശിച്ചിരുന്നത് ഇ-ടെണ്ടർ മുഖേന ഫർണിച്ചറുകൾ വാങ്ങുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകളും കാലതാസമവും ഒഴിവാക്കുന്നതിനായി സ്ഥാപന മേധാവികളുടെ അപേക്ഷ പ്രകാരം റേറ്റ് കോൺട്രാക്ട് നിലവിലുള്ള വിവിധ ഫേമുകളിൽ നിന്നുമുള്ള പ്രോഫോർമ ഇൻവോയിസ് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് ക്രയാനുമതി ലഭിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.<br><br>*സ.ഉ.(എം.എസ്) നം.2/2018/SPD തീയതി 27.03.2018 പ്രകാരം സാധാരണ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും GEM മുഖേന സമാഹരിക്കുന്നതിന് ഉത്തരവായിട്ടുള്ളതും, തുടർന്ന് G.O(P)No.7/19/SPD തീയതി 26-4-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് GeM (Government e-Marketplace) നിർബന്ധമാക്കുകയും, മാന്വലിലെ ഖണ്ഡിക 19.23 -ൽ പുതുക്കിയ നിബന്ധനകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 25.11.2021-ലെ A2/61/2021-SPD നം. സർക്കുലർ പ്രകാരം GeM ൽ ലിസ്റ്റ് ചെയ്യാത്ത സാധനങ്ങൾ വാങ്ങുന്നതിനു GeM പോർട്ടലിൽ പുതുതായി ആരംഭിച്ചിട്ടുള്ള Custom Bid & BOQ എന്ന സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് എല്ലാ സർക്കാർ സംവിധാനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും വാങ്ങാൻ ഉദ്ദേശിക്കുന്ന* |

| | | | |
|---|---|---|---|
| | | | *പ്രത്യേക ഉല്പന്നം GEM- ൽ ലഭ്യമല്ലെങ്കിലോ, GEM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് (ഗുണനിലവാരം, വില എന്നിവയിലെ വ്യത്യാസം) വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ കാരണം വ്യക്തമായി രേഖപ്പെടുത്തിയ ശേഷം സ്റ്റോർസ് പർച്ചേയ്സ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ് (SPM ഖണ്ഡിക 19.3).*<br><br>*പൊതുമേഖലാ സ്ഥാപനങ്ങളായ* **ARTCO, KADCO, SIDCO, RUBCO, FIT, SILK, Meenchil Rubberwood Ltd.** *എന്നീ സ്ഥാപനങ്ങളുടെ വില നിർണ്ണയം നടത്തിയ ഫർണീച്ചർ ഉല്പന്നങ്ങൾക്ക് നിശ്ചിത കാലയളവിലേയ്ക്ക് ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫർണിച്ചർ ഉല്പന്നങ്ങൾ ടെണ്ടർ നടപടി ക്രമങ്ങൾ ഒഴിവാക്കി നേരിട്ട് വാങ്ങാവുന്നതാണ് എന്ന നിർദ്ദേശവും, ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ലാത്തതോ, GeM portal -ൽ ലഭ്യമല്ലാത്തതോ ആയ ഫർണിച്ചർ ഉല്പന്നങ്ങൾ, കാരണം വ്യക്തമായി രേഖപ്പെടുത്തി ഓപ്പൺ ടെണ്ടറിലൂടെ സംഭരണം നടത്താവുന്നതാണ് എന്ന നിർദ്ദേശവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.* |

സെക്ഷൻ ഓഫീസർ